# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 932** — **30.11.2018-ൽ മറുപടിയ്ക്ക്.**

## ക്ഷീര കർഷക ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാലിത്തീറ്റ വിലയിലുണ്ടായിട്ടുള്ള വമ്പിച്ച വർദ്ധന ക്ഷീര കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; | (എ) കാലിത്തീറ്റ വിലവർദ്ധനവ് മൂലം ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ മിൽമ കാലിത്തീറ്റയ്ക്ക് ഡിസ്കൗണ്ട് നൽകിവരുന്നുണ്ട്.<br>മലബാർ മേഖല യൂണിയൻ കാലിത്തീറ്റയ്ക്ക് ചാക്ക് ഒന്നിന് 200 രൂപ വീതം ക്ഷീരകർഷകർക്ക് കിഴിവ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖല യൂണിയൻ കാലിത്തീറ്റയ്ക്ക് സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ 100 രൂപ കിഴിവ് നൽകിവന്നിരുന്നു. ഇത് ഡിസംബർ 1 മുതൽ 31 വരെ 200 രൂപയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളം മേഖല യൂണിയൻ 2018 ഡിസംബർ 1-ാം തീയതി മുതൽ ക്ഷീരസംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 1.50 രൂപ നിരക്കിൽ അധിക വില നൽകുന്നുണ്ട്. തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ കേരളാ ഫീഡ്സ് കാലിത്തീറ്റയ്ക്ക് സെപ്റ്റംബർ മാസം 50 കിലോ ചാക്കൊന്നിന് 100 രൂപ വില കുറച്ചിരുന്നു. |
| (ബി) കാലിത്തീറ്റ വിലവർദ്ധനവിന് ആനുപാതികമായി മിൽമ ക്ഷീര കർഷകർക്ക് പാൽ വില കൂട്ടിക്കൊടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) തമിഴ്നാട്ടിൽ നിന്നും രണ്ട് ലക്ഷം രൂപക്ക് അഞ്ച് ഗർഭിണി പശുക്കളെ വാങ്ങിയാൽ അതിന് ക്ഷീര വികസന വകുപ്പ് സബ്സിഡി നൽകുന്ന പദ്ധതിയുണ്ടോ;ഉണ്ടെങ്കിൽ എന്ത് തുകയാണ് സബ്സിഡിയായി അനുവദിക്കുന്നത്; | (സി) ക്ഷീരവികസന വകുപ്പ് 5 കിടാരികളെ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സബ്സിഡിയായി 98,800/- രൂപയാണ് നൽകുന്നത്. |
| (ഡി) പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നുവെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) ശ്രദ്ധയിൽ പെട്ടിട്ടില്ല |

**സെക്ഷൻ ഓഫീസർ**